മാർച്ച് 13,2014

# മാവോവാദികളുടെ ആക്രമണം വീണ്ടും

**അരുൺ ജെയ്റ്റ്ലി,**
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

മാവോയിസ്റ്റുകൾ വീണ്ടും ആക്രമണം തുടങ്ങിയിരിക്കുന്നു. സി.ആർ.പി. എഫിലെയും ഛത്തീസ്ഗഢിലെയും നിരവധി പൊലീസുകാർക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തു. രാജ്യത്തിന്റെ സംരക്ഷണം മുൻനിർത്തി മരണമടഞ്ഞ പൊലീസുകാരെ രക്തസാക്ഷികളാക്കിയിരിക്കുകയാണ്.

ഇന്ത്യ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം മാവോവാദികളുടെ ഭീഷണിയാണ്. മദ്ധ്യഭാരതത്തിലെ നിരവധി ജില്ലകളിലുള്ള ഗോത്രപ്രദേശങ്ങൾ ഇതിനകംതന്നെ മാവോവാദികളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞു. ജില്ലാ ഭരണാധികാരികളുടെ നിയന്ത്രണം ഇക്കാര്യത്തിൽ തീരെ കുറവാണ്. ഈ പ്രദേശങ്ങളിൽ നികുതി പിരിക്കുന്നതുപോലും മാവോവാദികളാണ്. ഇവർക്കുവേണ്ടി പ്രതിഫലം പറ്റുന്ന വോളണ്ടിയർമാർ വരെയുണ്ട്. ഇവർ ആയുധധാരികളുമാണ്. വിട്ടുവീഴ്ചയില്ലാത്തവരും സാമൂഹിക പരിഷ്കാരങ്ങൾക്ക് എതിരു നിൽക്കുന്നവരുമാണ് മാവോവാദികൾ. മാവോയിസം ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയേയല്ല. ചില ആദർശങ്ങളിൽ നിലകൊള്ളുന്ന പ്രസ്ഥാനമാണിത്. ഇന്ത്യയുടെ പാർലമെന്ററി ജനാധിപത്യത്തെ തകർക്കുകയും ആദർശത്തിൽ മാത്രം നിലനിൽക്കുന്ന ഏകാധിപത്യം സ്ഥാപിക്കുകയുമാണ് മാവോയിസത്തിന്റെ ലക്ഷ്യം. മാവോയിസത്തിനുള്ളിൽ ജനാധിപത്യമോ സ്വാതന്ത്ര്യമോ നിയമമോ അഭിപ്രായസ്വാതന്ത്ര്യമോ ഇല്ല. മറിച്ച്, ഏകാധിപത്യത്തിലൂടെ ജനങ്ങളുടെമേൽ ഭരണം അടിച്ചേൽപ്പിക്കുന്ന സംവിധാനമാണ് ഇതിലുള്ളത്.

മാവോയിസത്തെ എങ്ങനെ തകർക്കാം? മാവോയിസ്റ്റ് സ്വാധീനമുള്ള മേഖലകളിലെ സാമ്പത്തികവികസനം വഴി ആ മേഖലകളിലെ മാവോയിസ്റ്റ് സാന്നിദ്ധ്യം ഇല്ലാതാക്കാൻ കഴിയുമോ? ഇതൊരിക്കലും പൂർണ്ണമായി നടപ്പിലാക്കാൻ കഴിയില്ല എന്നതാണ് സത്യം. മാവോയിസ്റ്റ് സ്വാധീനമുള്ള പ്രദേശങ്ങളിൽ കടന്നുചെന്ന് സമാധാനം പുനഃസ്ഥാപിക്കലാണ് ഗവൺമെന്റിന്റെ ആദ്യ ചുമതല. ഈ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലാന്റ് മൈനുകൾ നീക്കം ചെയ്ത് മാവോവാദികളുടെ കൈവശമുള്ള ആയുധങ്ങൾ പുറത്തുകൊണ്ടുവരണം. ശരാശരി പൗരന്റെ മേലുള്ള ആക്രമണം അവസാനിപ്പിക്കണം. ജില്ലാഭരണകൂടത്തിനോ പി.ഡബ്ളിയു.ഡി. കോൺട്രാക്ടർമാർക്കോ ഈ പ്രദേശങ്ങളിൽ കടന്നുചെന്ന് സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, പഞ്ചായത്ത് ഭവനങ്ങൾ തുടങ്ങി സാമ്പത്തിക വികസനത്തിനുവേണ്ടിയുള്ള പ്രവൃത്തികൾ ചെയ്യാൻ കഴിയും.

ആയുധങ്ങളുടെയും വെടിക്കോപ്പുകളുടെയും ഉറവിടം കണ്ടെത്തി നശിപ്പിക്കണം. പൊലീസിൽ നിന്ന് മോഷ്ടിക്കുന്നതും അതിർത്തി കടന്നുവരുന്നതുമായ ആയുധങ്ങളാണ് ഇവർ ഉപയോഗിക്കുന്നത്. ശത്രുവിന്റെ ആയുധപ്പുര സ്വന്തം ആയുധപ്പുരയായി ഇവർ കരുതുന്നു. ഈ അവസരത്തിൽ ശത്രു എന്നു പറയുന്നത് നമ്മുടെ രാജ്യവും നമ്മുടെ പൊലീസുകാരുമാണ്.

സാധാരണ ഇന്ത്യൻ പൗരന്റെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും ജീവൻ മാവോവാദികളുടെ അക്രമങ്ങൾക്കായി എത്രനാൾ ത്യജിക്കേണ്ടിവരും? ഈ പ്രദേശങ്ങളിലെ വികസനപ്രക്രിയ പൂർണ്ണമാക്കാൻ നമ്മൾ എത്ര കാത്തിരിക്കണം? ഗോത്രവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളെയും മറ്റു സ്വത്തുവകകളെയും നശിപ്പിക്കുന്നത് നാം ഇനിയും അനുവദിക്കണമോ? ദേശീയ വിഭവങ്ങളുടെ മേലുള്ള അവകാശം ഗോത്രവർഗ്ഗങ്ങൾക്കാണെന്നുള്ള കാര്യം വ്യക്തമാക്കുകയും ഗോത്രവർഗ്ഗങ്ങളിൽ നിന്ന് മാവോവാദികളെ ഒറ്റപ്പെടുത്തുകയും വേണം. അതിനായി രാജ്യത്തിന്റെ മുഴുവൻ കരുത്തും ഉൾക്കൊണ്ടുള്ള ഒരു പൂർണ്ണയുദ്ധം മാവോവാദത്തിനെതിരായി നടത്തണം.